# വിശ്വഭാരതി എസ് എൻ ഹയർ സെക്കന്ററി സ്കൂൾ

## ഞീഴൂർ




# അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## 2025-2026

# SCHOOL DETAIL

| | |
|---|---|
| SCHOOL NAME | VISWABHARATHI SN HIGHER SECONDARY SCHOOL |
| VILLAGE/WARD | NEEZHOOR/WARD-03 |
| SCHOOL CODE | 45053 |
| REVENUE DISTRICT | KOTTAYAM |
| EDUCATIONAL DISTRICT | KADUTHURUTHY |
| SUB DISTRICT | KURAVILANGAD |
| HEADMASTER | REJEESH S |

# ചരിത്രം

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ ഞീഴൂർ ഗ്രാമത്തിന് തിലകക്കുറിയായ വിശ്വഭാരതി ശ്രീ നാരായണ ഹയർ സെക്കണ്ടറി സ്കൂൾ. സിൽവർ ജൂബിലിയിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന ഈ സ്കൂളിന്റ ചരിത്രം ഞീഴൂർ ഗ്രാമത്തിന്റയും സ്നേഹനിധികളായ പൂർവ്വികരുടെയും കൂടി ചരിത്രമാണ്. 124 - ാംനമ്പർ ഞീഴൂർ എസ്.എൻ.ഡി.പി. ശാഖായോഗത്തിന്റ ഉടമസ്ഥതയിലുള്ള വിശ്വഭാരതിക്ക് ഈ പേര് തന്നെ നൽകിയതിൽ പുരോഗമനേച്ഛുക്കളായ മുൻകാല പ്രവർത്തകരുടെ ഉയർന്ന മനസ്സിനെ നമിക്കുന്നു. 1952-ൽ ഞീഴൂർ എസ്.എൻ.ഡി.പി.യും ഞീഴൂർ എൻ.എസ്.എസ് കരയോഗവും സംയുക്തമായി വിശ്വഭാരതി മിഡിൽസ്കൂൾ ആരംഭിച്ചു. 1976-ൽ സ്കൂളിന്റപൂർണ്ണാവകാശം എസ്.എൻ.ഡി.പി.ശാഖായോഗത്തിന്റ കീഴിലാക്കിൽഹൈസ്കൂളാക്കി ഉയത്തി. എസ്.എൻ.ഡി.പി.ശാഖായോഗത്തിന്റ പ്രസിഡന്റ് സ്കൂൾ മാനേജരാകണമെന്ന വ്യവസ്ഥ-ൽ സ്കൂൾഹയർസെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. വിശ്വഭാരതി ഇന്ന് തപസ്വികൾ യോഗാനുഷ്ഠാനങ്ങാളോടെ വസിച്ചിരുന്ന തേവരാടി മലയുടെ ചുവട്ടിൽ ഞീഴൂർ ഗ്രാമത്തിന്റ തിലകക്കുറിയായി പരിലസിക്കുന്ന വിശ്വഭാരതിയെന്ന സരസ്വതിക്ഷേത്രം. ആരംഭകാലത്ത് മൂന്ന് അദ്ധ്യാപകരായിരുന്നു. വിദ്യാർത്ഥികൾക്കായി അറിവിന്റ അക്ഷരങ്ങൾ പകർന്നു നല്കിയത്. എന്നാൽ ഇന്ന് യു.പി.തലത്തിൽ കുട്ടികൾക്കായി അദ്ധ്യാപകരും ഹൈസ്കൂൾ തലത്തിൽ കുട്ടികൾക്കായി അദ്ധ്യാപകരും ഹയർസെക്കണ്ടറിതലത്തിൽ വിദ്ധ്യാർത്ഥികൾക്കായി അദ്ധ്യാപകരും ഇവിടെ സേവനമനുഷ്ടിക്കുന്നു. ഇവരെക്കൂടാതെ ലാബ്അസിസ്ററന്റുമാരും അദ്ധ്യാപകേതര ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലിചെയ്തു വരുന്നു. നിരവധി പ്രശസ്ത വ്യക്തികളെ വാർത്തെടുത്ത വളരെ വലിയ ഒരു അക്ഷയപാത്രമായി വിശ്വഭാരതിപ്രവർത്തനമാരംഭിച്ചു.

## ഭൗതികസൗകര്യങ്ങൾ

- കംപ്യൂട്ടർ ലാബ്
- മൾട്ടിമീഡിയ ലാബ്
- വിശാലമായ കളിസ്ഥലം
- ലൈബ്രറി
- ലബോറട്ടറി
- സ്കൂൾ ബസ്
- ഇൻഡോർ സ്റ്റേഡിയം
- RO വാട്ടർപ്ലാന്റ്
- CCTV

## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- റെഡ്ക്രോസ്
- ലിറ്റിൽ കൈറ്റ്സ്
- ELAP സ്പോക്കൺ ഇംഗ്ലീഷ്
- നല്ല പാഠം.
- കായികം
- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ.
- പ്രവർത്തിപരിചയമേളകൾ.
- കലാ വിദ്യാഭ്യാസം.

## അക്കാദമിക് മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

- ഭാഷാശേഷി വികസനം.
- ഗണിതശേഷി വികസനം.രുചി
- വായന വർധിപ്പിക്കൽ
- ശില്പശാലകൾ
- ശാസ്ത്രാഭിരുചി വർധിപ്പിക്കൽ
- വിവിധ സ്കോളർഷിപ്പ് പരിശീലനം
- പ്രവർത്തിപരിചയ പരിശീലനം
- കായിക ശേഷി വികസനം
- IT പഠനം കാര്യക്ഷമമാക്കൽ
- പ്രകൃതിയെ അറിയുക
- വിവിധ ദിനാചരണങ്ങൾ
- ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ.
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- സർഗാത്മക കഴിവുകളുടെ വികാസം

## നേട്ടങ്ങൾ

- പതിനാറു വർഷമായി തുടർച്ചായി SSLC പരീക്ഷയിൽ നൂറുശതമാനം വിജയം.
- പതിനാലു വർഷമായി കുറവിലങ്ങാട് ഉപ ജില്ലയിൽ കായിക മേളയിൽ ഒന്നാം സ്ഥാനം.
- സംസ്ഥാകായിക മേളയിലെ മികച്ച പങ്കാളിത്തം.
- വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ ഉന്നത വിജയം.
- 2024-2025 USS പരീക്ഷയിൽ നൂറുശതമാനം വിജയം.
- കലാമേളകളിൽ സംസ്ഥാനതലത്തിൽ മികച്ച പങ്കാളിത്തം.
- ശാസ്ത്രമേളകളിൽ സംസ്ഥാനതലത്തിൽ മികച്ച പങ്കാളിത്തം.

## പരിമിതികൾ.

- പൊതുഗതാഗത പരിമിതി.
- സ്മാർട്ട് ക്ലാസ്സുകളുടെ കുറവ്.
- കുട്ടികളുടെ അനുപാതത്തിന്  അനുസരിച്ചുള്ള IT ഉപകരണങ്ങളുടെ കുറവ്.

---